"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീമതി. പ്രീത വൈ. എസ്, ക്ലർക്ക്-ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.154/2026/WCDD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം. 156/2022/WCDD, തീയതി. 31/03/2022
2. സ.ഉ(സാധാ)നം. 183/2023/WCDD, തീയതി. 18/04/2023
3. സ.ഉ(സാധാ)നം. 220/2024/WCDD, തീയതി. 06/07/2024
4. സ. ഉ(സാധാ)നം. 176/2025/WCDD, തീയതി. 12/05/2025
5. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. A3/755/2022/KWC, തീയതി. 10/03/2026

<u>ഉത്തരവ്</u>

വിനോദസഞ്ചാര വകുപ്പിൽ ക്ലർക്ക് ടൈപ്പിസ്റ്റ് ആയി സേവനമനുഷ്ഠിക്കവെ പരാമർശം (1) പ്രകാരം ശ്രീമതി. പ്രീത വൈ. എസ്-നെ കേരള വനിതാ കമ്മീഷനിൽ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത അന്യത്രസേവന കാലാവധി പരാമർശം (2), പരാമർശം (3), പരാമർശം (4) എന്നിവ പ്രകാരം ദീർഘിപ്പിച്ചു നൽകിയിരുന്നു. തന്റെ അന്യത്രസേവനകാലാവധി 12/04/2026-ന് അവസാനിക്കുകയായതിനാൽ ആയത് ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. പ്രീത വൈ. എസ് സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്തുകൊണ്ട് ടൂറിസം വകുപ്പ് ഡയറക്ടറുടെ നിരാക്ഷേപപത്രം സഹിതം പരാമർശം (4) പ്രകാരം കമ്മീഷൻ മെമ്പർ സെക്രട്ടറി സർക്കാരിന് ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച് അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി കേരള വനിതാ കമ്മീഷനിലെ ക്ലർക്ക് ശ്രീമതി. പ്രീത വൈ. എസ്-ന്റെ പ്രസ്തുത തസ്തികയിലെ അന്യത്രസേവന കാലാവധി 13/04/2026 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ M S**

അണ്ടർ സെക്രട്ടറി

ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം (കത്ത് നം. DOT/1353/2023-E1 തീയതി. 27/02/2026 പ്രകാരം)
മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. പ്രീത വൈ. എസ്, ക്ലർക്ക് (On deputation), കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി മുഖേന)
വെബ്&ന്യൂ മീഡിയ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Sithara Vijayan
Date: 15-03-2026 15:58:16
സെക്ഷൻ ഓഫീസർ